# പതിനാലാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5316** **23.05.2017 ൽ മറുപടിയ്ക്ക്**

## ആതിരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ബി.ഡി. ദേവസ്സി** | | **ഡോ.കെ.ടി ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )** | |
| (എ) | ആതിരപ്പള്ളി ഗ്രാമപഞ്ചായത്ത് ദൈനംദിന പ്രവർത്തനങ്ങൾക്കുപോലും വരുമാനമില്ലാത്ത അവസ്ഥയിലാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പഞ്ചായത്തിനെ സഹായിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ; | (ബി) | ഗ്രാമപഞ്ചായത്തുകൾക്ക് നൽകിവരുന്ന ജനറൽ പർപ്പസ് ഫണ്ടിന് പുറമെ 01.02.2016-ലെ സ.ഉ (ആർ.ടി) 1029/2016/ധന നമ്പർ ഉത്തരവ് പ്രകാരം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആതിരപ്പള്ളി ഗ്രാമപഞ്ചായത്തിന് 2015-16 വർഷം ഗ്യാപ് ഫണ്ടായി 96,662/- രൂപ നൽകിയിട്ടുണ്ട്. |
| (സി) | ആതിരപ്പള്ളി, വാഴച്ചാൽ ടൂറിസ്റ്റ് മേഖലകളിൽ നിന്ന് വനം വകുപ്പ് പ്രവേശനഫീസ്, പാർക്കിംഗ് ഫീസ് എന്നീ ഇനങ്ങളിൽ പിരിച്ചെടുക്കുന്ന സംഖ്യയുടെ ഒരു നിശ്ചിത ശതമാനം തുക ഗ്രാമപഞ്ചായത്തിനു വിനോദ നികുതിയായി ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ